**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** **12-06-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പദ്ധതിയുടെ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ; | (എ) | 2019-20 വർഷം ദേശീയ തലത്തിൽ ജലജീവൻമിഷൻ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പദ്ധതി ആരംഭിക്കുന്ന സമയത്ത് കേവലം 23.5% ഭവനങ്ങളിൽ മാത്രമാണ് കണക്ഷനുകൾ ഉണ്ടായിരുന്നത്. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ സംസ്ഥാനത്ത് 19.59 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇത് ജലജീവൻ മിഷൻ പദ്ധതിയിൽ അനുമതി നൽകിയ കണക്ഷനുകളുടെ 35.98% വരും.<br><br>സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകൾ ഉൾപ്പെടെ നിലവിൽ ഗ്രാമീണ മേഖലയിൽ ആകെ 37.39 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നിലവിലുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 53.47 ശതമാനമാണ്. |
| (ബി) | പദ്ധതി മുഖേന വിഭാവനം ചെയ്ത കുടിവെള്ള കണക്ഷനുകൾ എത്രയെന്നത് സംബന്ധിച്ച് ജില്ലതിരിച്ചുള്ള വിവരം ലഭ്യമാണോ; | (ബി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | പദ്ധതി പൂർത്തിയാക്കുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്ന കാലാവധി എന്നുവരെയാണ്; | (സി) | ജലജീവൻ മിഷൻ പദ്ധതി 2019-20 സാമ്പത്തിക വർഷത്തിലാണ് ദേശീയതലത്തിൽ ആരംഭിച്ചത്. കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് അഞ്ചുവർഷ |

| | | | |
|---|---|---|---|
| | പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | | കാലാവധിയാണ് പദ്ധതി പൂർത്തീകരണത്തിനായി അനുവദിച്ചിട്ടുള്ളത്. ഇതനുസരിച്ച് പദ്ധതിയുടെ കാലാവധി 2024 മാർച്ച് വരെയായിരുന്നു. എന്നാൽ പദ്ധതി നിലവിൽ നടന്നുവരുന്നതിനാൽ കേന്ദ്ര സർക്കാർ 2024-25 സാമ്പത്തിക വർഷത്തേക്ക് 1949.36 കോടി രൂപ കേരളത്തിനായി വകയിരുത്തുകയും തത്തുല്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളി ക്കണമെന്ന് 28-03-2024-ലെ കത്തിലൂടെ അറിയിക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ച് 06-05-2024ൽ കേന്ദ്ര സർക്കാർ 292.40 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. കേരള സർക്കാരും ഇതിനാനുപാതികമായി 285.58 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം പദ്ധതി നടന്നുവരുന്നു.<br><br>സ്ഥലലഭ്യതയിലെ അനിശ്ചിതത്വം മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട അനുമതികളിലെ കാലതാമസം എന്നിവയാണ് കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം മുടങ്ങുന്നതിനും കാലതാമസം നേരിടുന്നതിനും പ്രധാന കാരണങ്ങൾ . ഇതിനുപുറമെ നിലവിൽ കരാറുകാർക്ക് ജലജീവൻ മിഷൻ പ്രവർത്തികൾ പൂർത്തിയാക്കിയ വകയിൽ 3273 കോടി രൂപ 31-05-2024 വരെ കുടിശ്ശിക നല്കുവാനുണ്ട്. ഇതുകാരണവും പദ്ധതിനിർവ്വഹണത്തിൽ കാലതാമസം നേരിടുന്നുണ്ട്.<br><br>ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഭൂമിയുടെ ഉപയോഗാനുമതി സംബന്ധിച്ച് ആവശ്യമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കുടിവെള്ള പദ്ധതികളുടെ ഭാഗമായി പൈപ്പുകൾ പൊതുനിരത്തുകളിലാണ് സ്ഥാപിക്കേണ്ടിവരുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള തടസ്സങ്ങൾ വകുപ്പുകളുമായും, കേന്ദ്ര സർക്കാർ ഏജൻസികളുമായും ബഹു.മുഖ്യമന്ത്രി, വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിഹരിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | നിലവിൽ അനുവദിച്ചിരിക്കുന്ന കാലാവധിക്കുള്ളിൽ പദ്ധതികൾ പൂർത്തിയാക്കാൻ നടപടികൾ | (ഡി) | 2019-20 സാമ്പത്തിക വർഷത്തിലാണ് കേന്ദ്ര സർക്കാർ ജലജീവൻ മിഷൻ പദ്ധതി |

| | | | |
|---|---|---|---|
| | ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | | ദേശീയതലത്തിൽ ആരംഭിച്ചത്. കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് അഞ്ചു വർഷ കാലാവധിയാണ് പദ്ധതി പൂർത്തീകരണത്തിനായി അനുവദിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാനത്ത് പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. നിലവിൽ സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി 35.98% പൂർത്തീകരിച്ചുകഴിഞ്ഞു.<br><br>നിലവിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നുണ്ട്. പദ്ധതിക്കായി 2024-25 സാമ്പത്തികവർഷത്തേക്ക് കേന്ദ്രവിഹിതമായി 1949.36 കോടി രൂപ നിശ്ചയിച്ചിട്ടുണ്ട്.<br><br>ജലജീവൻ മിഷൻ പദ്ധതി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട വിവിധ ഏജൻസികളുമായിച്ചേർന്ന് സ്വീകരിച്ചുവരുന്നുണ്ട്.<br><br>ബഹു:മുഖ്യമന്ത്രിയുടെ മുൻഗണന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് ജലജീവൻ മിഷൻ. കൂടാതെ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന ജലജീവൻ മിഷൻ പ്രവർത്തികളുടെ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതിനായി വകുപ്പ് മന്ത്രിയുടെ ആഫീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകനയോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.<br><br>ജല ജീവൻ മിഷൻ പ്രവൃത്തികളുടെ നിർവഹണപുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധപ്പെടുത്തുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **ജലജീവൻ മിഷൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള കണക്ഷനുകൾ** |
|---|---|
| തിരുവനന്തപുരം | 524194 |
| കൊല്ലം | 446930 |
| പത്തനംതിട്ട | 273171 |
| കോട്ടയം | 373493 |
| ആലപ്പുഴ | 378352 |
| ഇടുക്കി | 241261 |
| എറണാകുളം | 346467 |
| തൃശ്ശൂർ | 438834 |
| പാലക്കാട് | 497280 |
| മലപ്പുറം | 652951 |
| കോഴിക്കോട് | 526159 |
| വയനാട് | 148944 |
| കണ്ണൂർ | 376986 |
| കാസർഗോഡ് | 220320 |
| **ആകെ** | **5445342** |